**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**2012 ജൂൺ 21 വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**പകർച്ചപ്പനിയും ജീവൻ രക്ഷാ മരുന്നുകളുടെ ദൗർലഭ്യവും**

മി. ഡെപ്യൂട്ടി സ്പീക്കർ : പകർച്ചപ്പനിക്ക് സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ കരുതാത്തതിനാലും ജീവൻരക്ഷാ മരുന്നുകളുടെ ചേരുവുകൾ മാറ്റി പുതിയ ബ്രാന്റിൽ ഇരട്ടിവിലയ്ക്ക് വിൽക്കുന്നതിലൂടെ രോഗികൾ കൊള്ളയടിക്കപ്പെടുന്നതിനാലും സർക്കാർ സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നതിനാലും ഉളവായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. എളമരം കരീം, വി.എസ്.സുനിൽ കുമാർ, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്‍) : മഴക്കാല രോഗങ്ങളുമായി ബന്ധപ്പെട്ട് 117 ഇനം ജീവന്‍രക്ഷാ മരുന്നുകള്‍ സര്‍ക്കാര്‍ ആശുപത്രികളില്‍ ലഭ്യമാക്കിയിട്ടുണ്ട്. ബാന്‍ഡ്എയ്ഡിന് ദൗര്‍ലഭ്യമുണ്ടെങ്കിലും ഇപ്പോള്‍ മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്റെ കൈവശം സ്റ്റോക്കുണ്ട്. ജീവന്‍രക്ഷാ മരുന്നുകള്‍ ലഭ്യമാക്കുന്നതില്‍ ഗവണ്‍മെന്റ് അടിയന്തര ശ്രദ്ധയോടെ മുന്നോട്ടുപോവുകയാണ്. മരുന്നുവില നിശ്ചയിക്കുന്ന നാഷണല്‍ ഫാര്‍മസ്യൂട്ടിക്കല്‍ പ്രൈസിംഗ് അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ളത് 74 ഇനം മരുന്നുകളാണ്. വിവിധ രോഗങ്ങള്‍ക്കായി ആവശ്യമുള്ള 308 ഇനം മരുന്നുകള്‍ എന്‍.പി.പി.എ.യുടെ വിലനിയന്ത്രണത്തില്‍ കൊണ്ടുവരാന്‍ കേന്ദ്രസര്‍ക്കാര്‍ നടപടി സ്വീകരിച്ചു വരികയാണ്. സുപ്രീംകോടതിയുടെ നിര്‍ദ്ദേശപ്രകാരം 348 കോംപിനേഷനുകള്‍ ചേര്‍ന്ന 660-ഓളം ഇനം മരുന്നുകളുടെ വില എന്‍.പി.പി.എ.യുടെ പ്രൈസിംഗ് പോളിസി നടപ്പിലാക്കുന്നതിലൂടെ നിയന്ത്രിക്കാന്‍ കഴിയും. നിലവില്‍ 10 ശതമാനംവരെ വില വര്‍ദ്ധിപ്പിക്കാന്‍ കമ്പനികള്‍ക്ക് അധികാരമുണ്ടെങ്കിലും ആ വ്യവസ്ഥ ലംഘിച്ചാല്‍ നിയമനടപടികള്‍ സ്വീകരിക്കാന്‍ ഡ്രഗ്സ് കണ്‍ട്രോളര്‍ക്കോ സംസ്ഥാന സര്‍ക്കാരിനോ അധികാരമില്ല. നിയമപരമായി 74 ഐറ്റം മരുന്നുകള്‍ക്കേ വില നിയന്ത്രിക്കാനുള്ള അധികാരം സംസ്ഥാന സര്‍ക്കാരിനുള്ളൂ. മരുന്നുകള്‍ എം.ആര്‍.പി. റേറ്റിനെക്കാള്‍ കൂട്ടി വില്‍ക്കുന്ന കടക്കാര്‍ക്കെതിരെ കര്‍ശന നടപടി സ്വീകരിക്കുന്നുണ്ട്. മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്റെ കൈവശം ആവശ്യത്തിന് മരുന്ന് സ്റ്റോക്കുണ്ട്. മരുന്നില്ല എന്ന പ്രചാരണം തെറ്റാണ്. എവിടെയെങ്കിലും മരുന്ന് ഇല്ലെന്ന് അറിയിച്ചാല്‍ അവ എത്തിക്കു

ന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ഇന്നലെ കൂടിയ ക്യാബിനറ്റിൽ 200–ഓളം ജീവനക്കാരെ ഈ മേഖലയിലേയ്ക്ക് അടിയന്തരമായി ആറു മാസകാലയളവിലേക്ക് നിയമിക്കാനും കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 20,000/- രൂപ കൂടുതൽ കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാൻ ഉടൻ തീരുമാനം എടുക്കുന്നതാണ്. മഴക്കാല രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആശുപത്രികളിൽ ഇപ്പോൾ ലഭ്യമാണ്. 35 'കാരുണ്യ മെഡിക്കൽ ഷോപ്പുകൾ' ഉടൻ ആരംഭിക്കുന്നതാണ്. ജൻറിക് മെഡിസിനുകൾ നവംബർ മാസം 1–ാം തീയതി മുതൽ സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്ക് എത്തുന്ന മുഴുവൻ പേർക്കും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നീതീസ്റ്റോർ, മാവേലി സ്റ്റോർ എന്നിവ വഴി മരുന്നുകൾ ന്യായവിലയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എളമരം കരീം : കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഏതാണ്ട് എട്ട് ലക്ഷത്തിലധികം പേർക്കാണ് പകർച്ചപ്പനി ബാധിച്ചിട്ടുള്ളത്. പകർച്ച വ്യാധികൾ ബാധിച്ച് ആയിരക്കണക്കിന് ആളുകൾ സംസ്ഥാനത്തെ പല ആശുപത്രികളിലും ചികിത്സയിലാണ്. ലഭ്യമായ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് 961 പേർ ഡെങ്കിപ്പനി ബാധിച്ചവരാണ്. കോഴിക്കോട് ജില്ലയിൽ എച്ച്1 എൻ1 ഇതുവരെ നിയന്ത്രിക്കാനായിട്ടില്ല. സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളും ആന്റീബയോട്ടിക്കുകളും കിട്ടാനില്ലാത്തതിനാൽ ഈ മരുന്നുകൾ പുറത്തുനിന്നുവാങ്ങുന്നതിന് പത്തിരട്ടി വില കൊടുക്കേണ്ടി വരികയാണ്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ,

കോഴിക്കോട്, എന്നീ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് സ്റ്റാഫോ ഇല്ലാത്ത സാഹചര്യമാണുള്ളത്. സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്ന് മുൻകൂട്ടി സംഭരിക്കാൻ കഴിഞ്ഞിട്ടി ല്ല. മരുന്ന് സംഭരണത്തിന്റെ കാര്യത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പ റേഷനെതിരെ വ്യാപകമായ ആക്ഷേപം ഉയർന്നിരിക്കുകയാണ്. മരുന്ന് വിത രണത്തിന്റെ കാര്യത്തിൽ ഗവൺമെന്റും വൻകിട മരുന്നുകമ്പനികളുമാ യുള്ള ഒത്തുകളിയാണ് ഇവിടെ നടക്കുന്നത്. കെ.എസ്.ഡി.പി.യുടെ വിക സനം മുരടിപ്പിച്ച ഗവൺമെന്റാണിത്. നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയെ നോക്കുകുത്തിയാക്കിക്കൊണ്ട് ബഹുരാഷ്ട്ര കുത്തകകളാണ് മരുന്നിന്റെ വില നിശ്ചയിക്കുന്നത്. കാരുണ്യ മെഡിക്കൽ സ്റ്റോർ തുറക്കുമെന്ന വാഗ്ദാനം പാലിക്കപ്പെക്കിട്ടില്ല. ഗുരുതരമായ ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച
ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) : സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും മുൻതൂക്കം കൊടുത്ത് ആവിഷ്കരിച്ച സമഗ്ര പദ്ധതി മൂന്ന് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി ചേർന്ന മുഖ്യമന്ത്രിയുടെയും വകുപ്പ് സെക്രട്ടറിമാരുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടേയും മേയർമാരുടേയും യോഗങ്ങളിൽ പ്രസ്തുത പദ്ധതി യുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയുണ്ടായി. ജില്ലാ തലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുകയും ഇതിലേയ്ക്ക്

ആവശ്യമായ തുക ക്യാബിനറ്റ് അനുവദിക്കുകയും ചെയ്തു. കൂടാതെ ഓരോ മന്ത്രിമാർക്കും ഓരോ ജില്ലയുടെ ചുമതല നൽകുകയും മന്ത്രിമാർ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുകയു മുണ്ടായി. രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകളും എലിപ്പനിക്ക് ആവശ്യമായ മരുന്നുകളും സർക്കാർ ആശുപത്രികളിൽ ഇതിനോടകം ശേഖരിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിനായി ഏതാണ്ട് 2000 -ത്തോളം ആശുപത്രി ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിച്ചിട്ടു ണ്ട്. ഡി.എം.ഇ.യുടേയും ഡി.എച്ച്.എസ്-ന്റേയും റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുവരെ യുള്ള ആശുപത്രികളിൽ സ്ഥിരമായി 250 ഡോക്ടർമാരേയും 650-ഓളം സ്റ്റാഫ് നഴ്സിനെയും നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. രോഗ പ്രതിരോധത്തിനും ജനങ്ങളുടെ രക്ഷയ്ക്കും ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ ത്തുനിന്നും വരുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനും ചർച്ച ചെയ്ത് അവ നടപ്പിലാക്കുന്നതിനും സർക്കാർ തയ്യാറാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ക്യാബിനറ്റിന്റെ രണ്ട് പ്രത്യേക മീറ്റിംഗുകൾ ചേരുകയുണ്ടായി. ആദ്യത്തെ മീറ്റിംഗിൽ ആരോഗ്യവകുപ്പ് കൊണ്ടുവന്ന എല്ലാ ശുപാർശകളും സർക്കാർ അംഗീകരിക്കുകയുണ്ടായി. ജില്ലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് 14 ജില്ലക ളിലേയ്ക്കും നിയോഗിക്കപ്പെട്ട മന്ത്രിമാരുടെ റിപ്പോർട്ടിൽ ഉയർന്നു വന്ന മുഴുവൻ നിർദ്ദേശങ്ങളും അംഗീകരിക്കുകയുണ്ടായി. പ്രതിരോധ പ്രവർത്ത

നങ്ങൾക്കാവശ്യമായ മരുന്നുകൾ എത്തിക്കുന്നതിന് ഒമ്പത് കോടി രൂപ ഡിപ്പാർട്ടുമെന്റിന് കൊടുത്തതുകൂടാതെ അടിയന്തര സാഹചര്യത്തിൽ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അനുമതിയും നൽകുകയുണ്ടായി. ഓരോ ജില്ലയിലും ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും ആറ് മാസത്തേയ്ക്ക് താൽക്കാലിക ജീവനക്കാരെ നിയമിക്കാനും തീരുമാനിച്ചി ട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യാൻ സന്നദ്ധരായ ഡോക്ടർമാർക്ക് 20,000 രൂപ അധികമായി കൊടുക്കാനും തീരുമാനിച്ചിട്ടു ണ്ട്. ഏതെങ്കിലും ആശുപത്രികളിൽ മരുന്നിന്റേയും ജീവനക്കാരുടേയും അഭാവമുള്ളതായി ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ശുചിത്വ മിഷനിൽനിന്നുള്ള ഫണ്ട് എല്ലാ പഞ്ചായ ത്തിലേയ്ക്കും എത്തിച്ചിട്ടുണ്ടെങ്കിലും തുക കിട്ടുന്നതിനുള്ള കാലതാമസം പരിഗണിച്ച് പെർമിസീവ് സാങ്ഷനും അതാത് സ്ഥാപനങ്ങൾക്ക് 5,000 രൂപ എടുക്കുന്നതിന് അനുമതിയും കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ മണ്ഡലങ്ങളിലെ സർക്കാർ ആശുപത്രികളിൽ മരുന്നു കളുടെയോ സ്റ്റാഫിന്റെയോ കുറവുള്ളതായി എഴുതിത്തന്നാൽ ഉടനെ പരിഹരിക്കുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പകർച്ചപ്പനിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആരോ ഗ്യവകുപ്പിനെ അറിയിച്ചാൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

ശ്രദ്ധക്ഷണിക്കൽ

(1)കേബിൾ ടി.വി. ഓപ്പറേറ്റർമാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കേരളത്തിൽ ഏതാണ്ട് 2500-ഓളം പ്രാദേശിക ചെറുകിട കേബിൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രാദേശിക കേബിൾ ചാനലുകൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഒരു ബിൽ പാർലമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇത് ദൃശ്യമാധ്യ മരംഗത്ത് വിദേശ കുത്തകകൾ കടന്നുവരുന്നതിന് സഹായകമാകും. 1998 വരെ കേബിൾ ടി.വി. ഓപ്പറേറ്റർമാർ കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റ് ഒരു രൂപ നിരക്കിലാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ വാർഷിക വാടക ഒരു പോസ്റ്റിന് 311 രൂപ ഈടാക്കണമെന്നാവശ്യപ്പെട്ട് സർക്കുലർ പുറപ്പെടുവിച്ചിരിക്കുകയാണ്. 1992-മുതൽ കെ.എ സ്.ഇ.ബി.യുടെ ഇലക്ട്രിക്പോസ്റ്റുകൾ ഈ മേഖലയിൽ ആദ്യമായി ഉപ യോഗിച്ചുതുടങ്ങിയപ്പോൾ ചെറുകിടക്കാർക്ക് 17 രൂപയായും വൻകിട കമ്പ നികൾക്ക് 10 രൂപയായും നിജപ്പെടുത്തി ചെറുകിടക്കാരായ പ്രാദേശിക ഓപ്പ റേറ്റർമാരെ നിരുത്സാഹപ്പെടുത്തുന്ന സമീപനം സ്വീകരിക്കുകയുണ്ടായി. വരുന്ന 24 മാസത്തിനകം ഡിജിറ്റൽ ഫോർമാറ്റ് സംവിധാനത്തിലൂടെ ദൃശ്യ മാധ്യമ രംഗത്തെ എല്ലാ ആധുനിക സംവിധാനങ്ങളും പ്രാദേശിക കേബിൾ നെറ്റ് വർക്കിലും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡി.റ്റി.എച്ച് ഉൾപ്പെടെയുള്ള ദൃശ്യവിതരണ മാധ്യമ സംവിധാനം കുത്തക കേന്ദ്രീകൃത മാധ്യമങ്ങളുടെ വളർച്ചയ്ക്കും വരിസംഖ്യാവർദ്ധനവിനും കാരണമാകും. ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാരോട് കാണിക്കുന്ന വിവേചനം അവ

സാനിപ്പിക്കണം. കേരളത്തിലെ 2500 പ്രാദേശിക കേബിൾ ടി.വി. ഓപ്പറേറ്റർമാർ അംഗങ്ങളായി രൂപീകരിക്കപ്പെട്ട കെ.സി.സി.എൽ. എന്ന കമ്പനി രൂപീകരിച്ച് കേരള വിഷൻ എന്ന ചാനൽ കൊണ്ടുവന്നിരിക്കുകയാണ്. കെ.സി.സി.എൽ.-നെ നിയമപരമായി അംഗീകരിക്കാൻ ഒരു കൂടിയാലോചനാ യോഗം വിളിക്കാൻ സർക്കാർ തയ്യാറാകണം. ഏകദേശം 50000 ആളുകൾ പണിയെടുക്കുന്ന ഈ മേഖലയെ സ്വയംതൊഴിൽ മേഖലയായി കണക്കാക്കി തൊഴിൽ സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : 1992-ലാണ് ആദ്യമായി കേരളത്തിൽ ഏഷ്യാനെറ്റിനുവേണ്ടി ഒരു രൂപയ്ക്ക് ഒരു പോസ്റ്റ് എന്ന നിലയിൽ നൽകിയിരുന്നത്. 1999-ൽ ഇത് ചെറുകിടക്കാർക്കും വൻകിടക്കാർക്കും ഒരേ നിരക്കിൽ 17 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ 2002-ൽ രണ്ട് കാറ്റഗറിയാക്കി തിരിക്കുകയും ഗ്രാമങ്ങളിൽ 54 രൂപയായും പട്ടണപ്രദേശങ്ങളിൽ 108 രൂപയുമായും വർദ്ധിപ്പിക്കുകയും ഇപ്പോൾ അത് 311 രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇന്ന് 6 ലക്ഷത്തോളം പോസ്റ്റ് ഉപയോഗിക്കുന്നത് ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷനാണ്. കേബിൾ ഓപ്പറേറ്റേഴ്സ് ഉപയോഗിക്കുന്ന പോസ്റ്റുകൾ അതിനേക്കാൾ കുറവാണെങ്കിലും അവർ എണ്ണത്തിൽ കൂടുതലാണ്. ഇതൊരു സ്വയം തൊഴിലായി പരിഗണിക്കേണ്ടതാണെന്ന അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. കേബിൾ ഓപ്പറേറ്റർമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ പട്ടണപ്രദേശങ്ങളിൽ 250 രൂപയും ഗ്രാമങ്ങളിൽ

125 രൂപയുമായി താൽക്കാലികമായി നിജപ്പെടുത്തണമെന്നും ബോർഡ് സെക്രട്ടറി ഹിയറിംഗ് നടത്തി അന്തിമ തീരുമാനം കൈക്കൊളളണമെന്നുമുളള കോടതിയുടെ നിർദ്ദേശമനുസരിച്ച് ബോർഡ് സെക്രട്ടറി 11.6.2012-ൽ കക്ഷികളെ വിളിച്ച് ഹിയറിംഗ് നടത്തിയെങ്കിലും യുക്തമായ തീരുമാനം കൈക്കൊളളാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കായ ആളുകൾക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ സർക്കാർ തയ്യാറാണ്.

(2) <u>സമഗ്ര മാരിടൈം നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി.പി. സജീന്ദ്രൻ</u>: വിദേശ വാണിജ്യ വ്യാപാര മേഖലയിൽ വൻ കുതിപ്പിന് ഇടനൽകുന്ന വിധത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ സമഗ്ര മാരിടൈം പോളിസി നടപ്പാക്കണം. മാരിടൈം മേഖലയിൽ വ്യവസായ വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കുന്നതിനും അനന്ത സാധ്യതകളുള്ള തീരദേശ കപ്പൽഗതാഗതവും നൂതനമായ കാഴ്ചപ്പാടോടുകൂടിയ സമുദ്രതീര വിനോദസഞ്ചാര സാധ്യതകളും പ്രോത്സാഹിപ്പിക്കുന്നതിനും തീരപ്രദേശങ്ങളിലെ മലിനീകരണത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും ജലമാർഗ്ഗത്തിലൂടെ ചരക്കുഗതാഗതം പ്രോത്സാഹിപ്പിച്ച് ദേശീയ-സംസ്ഥാന പാതകളിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം. മാരിടൈം നയം വരുന്നതോടുകൂടി മത്സ്യബന്ധനം, അക്വാകൾച്ചർ, വ്യാപാരം, വിപണനം തുടങ്ങിയ മേഖലകളുടെ വികസനത്തിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്. ഇതിലൂടെ സംസ്ഥാനത്തിന്റെ ജി.ഡി.പി. 1.2 ശതമാനത്തിൽ നിന്നും 3 ശതമാനമാക്കി ഉയർത്താൻ സാധിക്കും. സംസ്ഥാനത്ത് മാരിടൈം മേഖലയിലെ സേവനങ്ങളും വ്യവസാ

യങ്ങളും പ്രോത്സാഹിപ്പിക്കാൻ സമഗ്ര മാരിടൈം നയം രൂപീകരിക്കുന്നതോടൊപ്പം മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ചും തീരുമാനമെടുക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):. കേരളത്തിൽ 590 കി.മി. നീളമുള്ള സമുദ്രതീരവും 39139 ചതുരശ്ര കി.മീ. കോൺടിനെന്റൽ ഷെൽഫ് ഏരിയായും മാരിടൈം മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് തുടക്കംകുറിക്കാൻ പ്രചോദനം നൽകുന്നുണ്ട്. സംസ്ഥാനത്ത് വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽകൂടി മാത്രമേ ചരക്ക് ഗതാഗതം സാധ്യമാകുന്നുള്ളൂ. സംസ്ഥാനത്തിന്റെ മാരിടൈം വിഭവങ്ങളും സംരംഭക വൈദഗ്ദ്ധ്യവും വിനിയോഗിക്കുന്നതിനും മാരിടൈം മേഖല വ്യവസായത്തിന്റേയും വിനോദസഞ്ചാരത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും ഹബ്ബാക്കി വികസിപ്പിക്കുന്നതിനുംവേണ്ടി ഒരു സമഗ്ര നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സമുദ്ര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക, ചെറുകിട തുറമുഖങ്ങൾ കേന്ദ്രമാക്കി വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുക എന്നിവ ഈ നയത്തിൽ വിഭാവന ചെയ്യുന്നുണ്ട്. 2030-ഓടുകൂടി ചരക്ക് ഗതാഗതം തീരദേശ ഉൾനാടൻ കപ്പൽ ഗതാഗതം വഴിയാക്കാനുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിക്ക് പുതിയ നയം പ്രോത്സാഹനജനകമാണ്. കേരള തീരത്തുകൂടി കടന്നുപോകുന്ന കപ്പലുകൾക്ക് ആവശ്യമായ സാധനസാമഗ്രികളും ഇന്ധനവും മറ്റും നൽകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേരളത്തിന്റെ തീരദേശ മേഖലയിലും 12 നോട്ടിക്കൽ മൈൽവരെയുള്ള പ്രദേശങ്ങളിലും സുരക്ഷാ പദ്ധതികൾക്ക് ആക്കം കൂട്ടാൻ മാരിടൈം

നയം ഉപയുക്തമാകും. വേമ്പനാട്ടുകായലിലെ മലിനീകരണം ഒഴിവാക്കാനായി വേമ്പനാട്ട് കായൽ അതോറിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. കായലിലേക്കു തള്ളുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് തീരുമാനമുണ്ടാകും. മാരിടൈം ബോർഡ് രൂപീകരിക്കാൻ നയപരമായ തീരുമാനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## സബ്മിഷൻ

### (1) GAIL വാതക പൈപ്പ് ലൈൻ

ശ്രീ. ബാബു എം. പാലിശ്ശേരി: കൊച്ചിയിൽ നിന്നും മംഗലാപുരത്തേയ്ക്കുള്ള GAIL വാതക പൈപ്പ് ലൈനുകൾ കുന്ദംകുളം മണ്ഡലത്തിലെ ചൊവ്വന്നൂർ, കടവല്ലൂർ, എന്നീ പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നതുമൂലമുണ്ടായിട്ടുള്ള ജനങ്ങളുടെ ആശങ്ക ദൂരീകരിക്കാനും ഭൂമി നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് നിജസ്ഥിതി വ്യക്തമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): GAIL പ്രകൃതി വാതക പൈപ്പ് ലൈനുകൾ കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ കളക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ ബോധവൽക്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച യോഗങ്ങൾ നടന്നുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിൽ 23-6-2012-ന്

GAIL കമ്പനി പ്രതിനിധികൾ പങ്കെടുക്കുന്ന യോഗത്തിൽ ഇതുസംബന്ധിച്ചുള്ള സംശയങ്ങളും ഭയാശങ്കകളും ദൂരീകരിക്കുന്നതാണ്. കോമ്പൻസേഷൻ നൽകുന്നതുസംബന്ധിച്ച GAIL-ന്റെ മാനദണ്ഡം അപ്രായോഗികമാണെന്നും സ്വീകാര്യമല്ലെന്നും അറിയിക്കുകയും ഗവൺമെന്റെടുക്കുന്ന നിലപാടിനോട് സഹകരിക്കാമെന്ന് അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(2) റേഷൻ അരി വിതരണം

ശ്രീ. പി.ടി.എ. റഹീം: കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്നാഴ്ചയായി സ്തംഭിച്ചിരിക്കുന്ന റേഷനരി വിതരണം പുന:സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഈ വിഷയം സംബന്ധിച്ച് 11-06-2012-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും റേഷൻ വ്യാപാരി പ്രതിനിധികളുടെയും യോഗം മന്ത്രിതലത്തിൽ വിളിച്ച് സമരത്തിനാധാരമായ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് എത്രയുംപെട്ടെന്ന് തീരുമാനമെടുക്കുന്നതാണ്. ആവശ്യമായ ഗോഡൗൺ സൗകര്യം ലഭ്യമാക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകുകയും സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ വ്യാപാരികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കോഴിക്കോട് വെള്ളയിൽ വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിലെ ഗോഡൗൺ സപ്ലൈകോ വാടകയ്ക്കെടുത്ത് കൊടുത്ത് അരി വിതരണം ക്രമീകരിക്കാൻ നടപടി സ്വീകരി

ച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ കൃത്യമായി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ റേഷനിംഗ് ഇൻസ്പെക്ടർമാരേയും ലീഗൽ മെട്രോളജി വകുപ്പുദ്യോഗസ്ഥരേയും നിയോഗിക്കാൻ റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷൻ മൊത്തവ്യാപാര ഡിപ്പോകളിൽ നിശ്ചിത തീയതിക്കുള്ളിൽ സ്റ്റോക്ക് എടുത്തില്ലെങ്കിൽ ജൂൺ 2012-ലേയ്ക്കുള്ള അലോട്ട്മെന്റ് ലാപ്സാകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് തുറന്ന് പ്രവർത്തിക്കുന്ന എ.ആർ.ഡി.-കൾക്ക് പോലീസ് പ്രൊട്ടക്ഷൻ നൽകുകയും അടച്ചിട്ടിരിക്കുന്നവയ്ക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. സമരം ഒത്തുതീർപ്പിലെത്തിച്ച് റേഷൻ വിതരണം ഉടൻ പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(3) <u>മലയാളം പ്രഥമ ഭാഷയാക്കണമെന്ന ആവശ്യം</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: ഈ അദ്ധ്യയന വർഷം മുതലെങ്കിലും സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളടക്കമുള്ള എല്ലാത്തരം വിദ്യാലയങ്ങളിലും മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതിനും പുതുതായി ആരംഭിക്കുന്ന സ്ക്കൂളുകൾക്ക് അംഗീകാര സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പികെ അബ്ദു റബ്ബ്</u>) : സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഉൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളിലും പത്താം ക്ലാസ്സ് വരെ മലയാളം നിർബന്ധഭാഷയാക്കിക്കൊണ്ട് 1-9-2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും സ്കൂളുകളുടെ അംഗീകാര സർട്ടിഫിക്കറ്റിൽ ഇതൊരു വ്യവസ്ഥയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചില സി.ബി.എസ്.സി.,

ഐ.സി.എസ്.ഇ. സ്കൂളുകളും കേന്ദ്രീയ വിദ്യാലയങ്ങളും പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രിൻസിപ്പൽമാരുടെ ഒരു വീഡിയോ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അധ്യാപക പരിശീലനം, പാഠപുസ്തക വിതരണം എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിനും പ്രസ്തുത പ്രിൻസിപ്പൽമാരുടെ യോഗം വിളിച്ചുകൂട്ടുന്നതിനും വിദ്യാഭ്യാസ ഡയക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാളം നിർബന്ധമായി പഠിപ്പിക്കണമെന്ന വ്യവസ്ഥയോടെയാണ് പുതിയ സിബി.എസ്.ഇ. സ്കൂളുകൾക്കും മറ്റ് അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുള്ളത്. സമവായത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലും മലയാളഭാഷ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(4)** <u>'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗം ഉൾപ്പെട്ട പുസ്തക വിതരണം</u>

<u>ശ്രീമതി കെ.എസ്. സലീഖ</u>: നാല് വർഷം മുമ്പ് ഏറെ വിവാദമുയർത്തി പിൻവലിക്കപ്പെട്ട 'മതമില്ലാത്ത ജീവൻ' എന്ന പാഠം ഉൾപ്പെടുന്ന ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠ പുസ്തകം ഷൊർണ്ണൂർ ജില്ലയിലെ ചില സ്കൂളുകളിൽ വീണ്ടും വിതരണം ചെയ്തതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പികെ അബ്ദു റബ്ബ്)</u> : ഏഴാംക്ലാസ്സിലെ സാമൂഹ്യപാഠ പുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന അദ്ധ്യായം ഉൾപ്പെടുന്ന പാഠഭാഗത്തോടുള്ള എതിർപ്പുകളെത്തുടർന്ന് പുസ്തകം പിൻവലിക്കുകയുണ്ടായി. പുതിയതായി അച്ചടിച്ച പുസ്തകങ്ങൾ ഉൾപ്പെടെ ഡിപ്പോയിലെ സ്റ്റോക്ക് വിതരണത്തിനായി കേരള ബുക്ക്സ്

ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് കൈമാറിയപ്പോൾ കാലഹരണപ്പെട്ട വിവാദ പുസ്തകങ്ങൾ കൂടി കടന്നുകൂടിയ നടപടിയെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(5) പോലീസ് സേനാംഗങ്ങൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എം.എ. വാഹീദ്: കേരള പോലീസ് സേനാംഗങ്ങൾക്ക് അവരുടെ സർവ്വീസ് കാലത്തെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ആജീവനാന്ത മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : പോലീസ് ഉദ്യോസ്ഥർക്ക് അവരുടെ കൃത്യനിർവ്വഹണത്തിനിടയിലുണ്ടാകുന്ന പരിക്ക്, അംഗഭംഗം, മരണം എന്നിവയ്ക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും കമ്പനിയുമായി ചർച്ചചെയ്ത് വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(6) ചട്ടമ്പി സ്വാമികളുടെ ജന്മസ്ഥലം

ശ്രീ. കെ. മുരളീധരൻ : ചില സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയിരിക്കുന്ന ശ്രീ വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജന്മസ്ഥലം ഉൾപ്പെട്ട കണ്ണമ്മൂലയിലെ 17 സെന്റ് സ്ഥലം വീണ്ടെടുത്ത് ഭക്തജനങ്ങൾക്ക് നൽകി അവർക്ക് ആരാധനാസൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിലുള്ള 17 സെന്റ് സ്ഥലം സാംസ്കാരിക വകുപ്പിന്റെ ഉത്തരവുപ്രകാരം ചട്ടമ്പി സ്വാമികളുടെ ജൻമ സ്ഥലമായി തീരുമാനിച്ചതിനെതിരെ മൂൻ ഭൂഉടമ ഹൈക്കോടതിയിൽ നൽകിയ കേസിന്റെ വിധിപ്രകാരം സാംസ്കാരിക വകുപ്പ് വിജ്ഞാപനം റദ്ദു ചെയ്യുകയുണ്ടായി. ഈ സ്ഥലം സ്വകാര്യ വ്യക്തി വിലയ്ക്കുവാങ്ങി കെട്ടിട നിർമ്മാണം തുടങ്ങിയപ്പോൾ ഇതിനെതിരെ ചട്ടമ്പിസ്വാമി ജന്മസ്ഥല സംരക്ഷണ സമിതി മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസ് ഭൂഉടമയ്ക്ക് അനുകൂലമായി വിധിയ്ക്കുകയും മതിലിനുപുറത്തായി നാട്ടുകാരും എൻ.എസ്.എസ് സംഘടനകളും ചട്ടമ്പിസ്വാമിയുടെ പ്രതിമ സ്ഥാപിച്ച് ആരാധന തുടങ്ങുകയും ചെയ്തു. ഇതിനെതിരെ ഭൂഉടമ നൽകിയ പരാതിയിൻമേൽ ജില്ലാകളക്ടറോട് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രതിമ അവിടെനിന്ന് നീക്കം ചെയ്യുവാനും ആക്ഷേപമുണ്ടെങ്കിൽ 26-06-2012- ന് മുമ്പായി ബോധിപ്പിക്കാനും കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രശ്നം രമ്യമായി പരിഹരിക്കാൻ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയേയും ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) തിരുവല്ല-ഏറ്റുമാനൂർ ബൈപ്പാസ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സ്ഥലമെടുപ്പുനടപടികൾ ത്വരിതപ്പെടുത്തി തിരുവല്ല-ഏറ്റുമാനൂർ ബൈപ്പാസിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): തിരുവല്ല-ഏറ്റുമാനൂർ ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പിനുവേണ്ടി 38 കോടി രൂപയ്ക്കും റോഡ് പണികൾക്കായി 34 കോടി രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്ന നടപടി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാതല പർച്ചെയ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സ്ഥലമേറ്റെടുപ്പ് പൂർത്തീകരി ച്ചതിനുശേഷം ബൈപ്പാസ് നിർമ്മാണത്തിനുവേണ്ട മറ്റ് നടപടിക്രമങ്ങൾ വളരെ വേഗതയിൽ ആരംഭിക്കുന്നതാണ്.

(8) <u>കുട്ടികളിലെ ക്രിമിനൽ മനോഭാവം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങി യ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ദുരുപയോഗംമൂലം കുട്ടികളിൽ വളർന്നുവരുന്ന ക്രിമിനൽ സ്വഭാവവും അക്രമവാസനയും തടയാനും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ അവർക്ക് ശാരീരികവും മാനസിക വുമായ സംരക്ഷണം നൽകിക്കൊണ്ട് അവരെ നന്മയിലേയ്ക്കും സത്യത്തി ലേയ്ക്കും നയിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ഡോ. എം.കെ. മുനീർ):</u> നല്ല കുടുംബാന്തരീക്ഷം സൃഷ്ടിച്ച് കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷ ണവും നൽകിയാൽ ഒരു പരിധിവരെ കുട്ടികളുടെ അക്രമ വാസനയും ക്രിമിനൽ സ്വഭാവവും നിയന്ത്രിക്കാൻ കഴിയുന്നതാണ്. വിവിധ വകുപ്പുക ളുടെ ഇന്റഗ്രേഷനിലൂടെ അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മോഡൽ അംഗൻവാടികളുണ്ടാക്കി അതി ലൂടെ കൗൺസിലിംഗ് അടക്കം നടത്താനും മാതാപിതാക്കളിൽ ബോധ

വൽക്കരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. കുട്ടികൾ മൊബൈൽ ഫോൺ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ദുരുപയോഗം ചെയ്യുന്നത് നിയന്ത്രിക്കാൻ കഴിയണം. നിയമപരമല്ലാത്ത തൊഴിലുകളിലേർപ്പെടുന്ന സാമ്പത്തിക നിലവാരമില്ലാത്ത കുടുംബങ്ങളിലെ കുട്ടികളെ കണ്ടെത്തി ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കുന്നതിന് ഊർജ്ജിത നടപടികളെടുത്തിട്ടുണ്ട്. പോലീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള ഒ.ആർ.സി. കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചൈൽഡ് റൈറ്റ്സ് ആക്ട് കൊണ്ടുവരുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്.

(9) മരുന്നുവില വർദ്ധന

ശ്രീ. വി.ഡി. സതീശൻ: നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ശക്തിപ്പെടുത്താനും ഇറേഷണൽ കോമ്പിനേഷൻ ഓഫ് മോളിക്യൂൾസ് ചേർത്ത മരുന്നുകൾ നിർമ്മിച്ച് കമ്പനികൾ വർദ്ധിച്ച വിലയ്ക്ക് വിൽക്കുന്നത് തടയാനും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് മാരകമായ മോളിക്യൂളുകൾ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കാനും നടപടി സ്വീകരിക്കണം. ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്യാത്ത ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്നതിന്റെ പ്രായോഗികത പരിശോധിക്കണം.

ആരോഗ്യവും കുടംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്

മെന്റ് എല്ലാ മാസവും മാർക്കറ്റിലുള്ള മരുന്നുകളുടെ വില പരിശോധിക്കുകയും എൻ.പി.പി.എ.യെ അറിയിക്കുകയും ചെയ്യാറുണ്ട്. ഔഷധ വിതരണരംഗത്തെ ചൂഷണം തടയുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഉടൻതന്നെ ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന രണ്ട് കാരുണ്യ ഫാർമസികളിൽകൂടി 20 ശതമാനം മുതൽ 80 ശതമാനം വരെ വിലകുറച്ച് മരുന്നുകൾ ലഭ്യമാക്കുന്നതാണ്. കൂടാതെ നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾ, പേയിംഗ് കൗണ്ടറുകൾ വഴിയും മരുന്നുകൾ വിലകുറച്ച് വിൽക്കുന്നുണ്ട്. നവംബർ മാസം 1-ാം തീയതി മുതൽ സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ഇതിന്റെ ഗുണം പരമാവധി രോഗികൾക്ക് ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്. ചില ഘടകങ്ങൾ ചേർത്ത് മരുന്നുനിർമ്മിച്ച് വർദ്ധിച്ച വിലയ്ക്ക് കമ്പനികൾ വിൽക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(10) അടൂരിലെ കെ.എ.പി. ബറ്റാലിയൻ മെഡിക്കൽ ക്ലിനിക്

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ KAP III ബറ്റാലിയൻ ട്രെയിനിംഗ് സെന്ററിലെ മെഡിക്കൽ ക്ലിനിക്കിൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ക്യാമ്പിൽ വൈറൽ ഫിവറിന്റെ ലക്ഷണം കണ്ടപ്പോൾത്തന്നെ മെഡിക്കൽ പരിശോധനയും മരുന്നുവിതരണവും നടത്തുകയും കിടത്തിച്ചികിത്സ ആവശ്യമായവരെ അടൂർ ജനറൽ

ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടൂർ KAP III ബറ്റാലിയൻ ട്രെയിനിംഗ് സെന്ററിൽ മെഡിക്കൽ ക്ലിനിക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വകരിക്കുന്നതാണ്.

(11) അട്ടപ്പാടി ഇറിഗേഷൻ പദ്ധതി

(ഈ വിഷയം സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീനും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. രമേശ് ചെന്നിത്തല: അട്ടപ്പാടിയിലെ 4900 ഹെക്ടർ ഭൂമി കൃഷി യോഗ്യമാക്കുന്നതിനും 3 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ടൂറിസം വികസനത്തിനും കുടിവെള്ളത്തിനും കാവേരി ട്രിബ്യൂണൽ കേരളത്തിന് അനുവദിച്ച ജലം ഉപയോഗിക്കുന്നതിനും സഹായകരമായ വിധത്തിൽ അട്ടപ്പാടി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): അട്ടപ്പാടിയിൽ ഡാം പണിയുന്ന കാര്യത്തിൽ ഏക അഭിപ്രായമാണുള്ളത്. കാവേരി ട്രിബ്യൂണലിന്റെ അവാർഡ് പ്രകാരമുള്ള 30 ടി.എം.സി.വെള്ളം ഉപയോഗിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഹൈലെവൽ മീറ്റിംഗിൽ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൂടി ലഭ്യമാക്കി ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(12) കൊല്ലം - തേനി റോഡ് നിർമ്മാണം

ശ്രീ. പി.കെ. ഗുരുദാസൻ : കേന്ദ്രാനുമതി ലഭിച്ച കൊല്ലം-തേനി റോഡിന്റെ കൊല്ലം മേഖലയിലെ നിർമ്മാണ പ്രവർത്തനം തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പ്രാഥമിക വിജ്ഞാപന പ്രകാരം കൊല്ലം മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റിൽ ആവശ്യമായ മാറ്റം വരുത്തി പ്രൊപ്പോസൽ കേന്ദ്ര അംഗീ കാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസു കൾ മേശപ്പുറത്ത് വച്ചു.

റിപ്പോർട്ട് സമർപ്പണം.

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി യുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

പ്രത്യേക പരാമർശം

ശ്രീ. എളമരം കരീം : കഴിഞ്ഞ ദിവസം ഇവിടെ ചർച്ചയ്ക്കിടയിൽ ഒഞ്ചിയം സംഭവവുമായി ബന്ധപ്പെട്ട് ആഭ്യന്തരവകുപ്പുമന്ത്രി സംസാരിക്കു

ബോൾ ഞാനൊരു പോലീസ് ഓഫീസറെ ഭീഷണിപ്പെടുത്തിയെന്നും അദ്ദേഹത്തിന്റെ മക്കളെകാണില്ല എന്നൊരു പരാമർശം നടത്തിയതായും പറഞ്ഞിരുന്നു. ആ വിധത്തിൽ ഞാൻ സംസാരിച്ചിട്ടില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): രണ്ട് പ്രസംഗങ്ങളെക്കുറിച്ച് പരാമർശിച്ചു. എസ്.പി. യുടെ റിപ്പോർട്ടിന്റേയും കൂടി അടിസ്ഥാനത്തിലാണ് പറഞ്ഞിട്ടുള്ളത്. എ.എസ്. ഐ. ഇതുസംബന്ധിച്ച് എസ്.പി. ക്ക് കൊടുത്ത പരാതിയുണ്ട്. ഇതെല്ലാം നിയമപരമായി മുന്നോട്ട് പോകുന്നവയാണ്. കേസിന്റെ അന്വേഷണം നന്നായി പോകുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കണം.

ധനകാര്യം

2012-2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII -- എക്സൈസ്

(102,16,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIII -- മത്സ്യബന്ധനം

(227,11,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XL -- തുറമുഖങ്ങൾ

(405,46,74,000 രൂപ)

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX -- വാഹനനികുതികൾ

(38,28,79,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIX -- വൈദ്യുതപദ്ധതികൾ

(82,83,61,000 രൂപ )

ധനാഭ്യർത്ഥന നമ്പർ XLI -- ഗതാഗതം

(1013,53,67,000 രൂപ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ സി.കെ. സദാശിവൻ, വി. ചെന്താമരാക്ഷൻ, കെ. അജിത്, പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, കെ. രാജു, ഇ.കെ. വിജയൻ, പി. തിലോത്തമൻ, ജി.എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, വി.ശശി, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, തോമസ് ചാണ്ടി, കെ.വി. അബ്ദുൾ ഖാദർ, എ.എം. ആരിഫ്, എ.കെ. ബാലൻ, എം. ചന്ദ്രൻ, കെ. ദാസൻ, എളമരം കരീം, എം. ഹംസ, ജെയിംസ് മാത്യു, പി.റ്റി.എ. റഹീം, ആർ. രാജേഷ്, ടി.വി. രാജേഷ്, രാജു എബ്രഹാം, ബി. സത്യൻ, എസ്. ശർമ്മ, വി.ശിവൻ കുട്ടി, കെ.വി. വിജയദാസ്, എ.കെ. ശശീന്ദ്രൻ, ഇ. ചന്ദ്രശേഖരൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, കെ.കെ. ലതിക, പി. അയിഷാ പോറ്റി, ഗീതാ ഗോപി, കെ.എസ്. സലീഖ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. സി.കെ. സദാശിവൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ 37 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയും 300 കോടി രൂപ മിച്ചമുണ്ടാക്കുകയും 10 പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തുവെങ്കിൽ ഇപ്പോൾ യു.ഡി.എഫ്. ഭരണത്തിൽ കേരളത്തിലെ സമസ്ത മേഖലകളും തകർച്ചയെ നേരിടുകയാണ്. കാർഷിക മേഖല തകരുന്നതിന്റെ ഫലമായി കർഷക ആത്മഹത്യകൾ വർദ്ധിക്കുകയാണ്. ഇടുക്കി ഡാമിലെ വെള്ളം അനിയന്ത്രിതമായി ഉപയോഗിച്ചതിന്റെ ഫലമായി കേരളം ഇരുട്ടിലേയ്ക്ക് നീങ്ങുകയാണ്. വൈദ്യുത പദ്ധതികൾ വേണ്ടവിധ

ത്തിൽ നടപ്പാക്കാൻ യു.ഡി.എഫ്. ഭരണത്തിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പുതിയ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുകയും ഉത്പാദന-പ്രസരണ-വിതരണ രംഗത്ത് ഒട്ടേറെ നേട്ടങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും കാറ്റിൽ നിന്നുള്ളതുൾപ്പെടെ 730 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാനും നാല് ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റാനും കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ ഏതെങ്കിലുമൊരു ജില്ലയിൽ സമ്പൂർണ്ണവൈദ്യൂതീകരണം നടപ്പാക്കാനാകുമോയെന്ന് വ്യക്തമാക്കണം. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളിമേഖലയിൽ കൊടുത്തുകൊണ്ടിരുന്ന അരിവിഹിതം വെട്ടിക്കുറച്ചതിലൂടെ ഈ സർക്കാർ മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. 3 വർഷത്തിലൊരിക്കലായിരുന്ന വാഹനനികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം ഒരു വർഷത്തിലൊരിക്കലാക്കി അവരെ വിഷമത്തിലാക്കിയിരിക്കുകയാണ്. മദ്യലോബികളുടെ പിടിയിലമർന്നിരിക്കുന്ന എക്സൈസ് വകുപ്പിനെ രക്ഷിക്കാൻ നടപടി സ്വീകരിക്കണം. ക്യാബിനറ്റ് തീരുമാനം പാലിക്കാതെ 3 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുത്തത് റദ്ദ് ചെയ്യണം. കായംകുളം ഡിപ്പോയിലെ റദ്ദ് ചെയ്യപ്പെട്ട 9 കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുന:സ്ഥാപിക്കുകയും കായംകുളത്തും ആലപ്പുഴയിലും ബസ് ടെർമിനൽ സ്ഥാപിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കുകയും ചെയ്യണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.__കേരളത്തിന്റെ സമ്പദ്ഘടനയിലും രാജ്യത്തിന്റെ വിദേശനാണ്യശേഖര

ത്തിലും വലിയ സംഭാവന നൽകുന്ന മത്സ്യബന്ധനമേഖലയിലെ തീരദേശ വാസികൾക്ക് ഇപ്പോൾ സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ലഭിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. മത്സ്യത്തൊഴിലാളി പെൻഷൻ 300 രൂപ യിൽനിന്നും 400 രൂപയായി വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹമാണ്. തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ 20 കോടി രൂപ യുടെ സമഗ്രതീരദേശവികസന പദ്ധതി നടപ്പാക്കുകയാണ്. കടൽസുരക്ഷ യുടെ കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയും കാണിക്കാത്ത സർക്കാ രാണിത്. മത്സ്യത്തൊഴിലാളികളെ ആക്രമിച്ച ഇറ്റാലിയൻ കപ്പലിലെ നാവി കർക്കെതിരെയുള്ള നിയമനടപടികൾ അഭംഗുരം തുടരുകയാണ്. മത്സ്യ ത്തൊഴിലാളി സ്ത്രീകൾക്ക് സ്ഥിരവരുമാനം ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന 'സാഫ്' (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൻ) പോലുള്ള സംഘടനകളെ ശക്തിപ്പെടുത്തണം. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം 50,000 രൂപയിൽനിന്ന് രണ്ട് ലക്ഷം രൂപയാക്കി ഉയർത്തിയ നടപടി അഭിനന്ദനാർഹമാണ്. സുസ്ഥിര മത്സ്യഗ്രാമ പദ്ധതിയുടെ പ്രവർത്തനം 11 മത്സ്യ ഗ്രാമങ്ങളിൽ നടന്നുകൊണ്ടി രിക്കുകയാണ്. ഭവനനിർമ്മാണത്തിനും കുടിവെള്ള പദ്ധതിക്കും സ്കൂൾ, ആശുപത്രി എന്നിവയുടെ അറ്റകുറ്റപ്പണികൾക്കുംവേണ്ടി 14 കോടി രൂപ യാണ് ഓരോ ഗ്രാമത്തിലും മുടക്കിയിരിക്കുന്നത്. ഫിഷറീസ് റോഡുകൾക്കു വേണ്ടി ഈ വർഷവും അടുത്ത വർഷവുമായി ഏകദേശം 55 കോടി രൂപ ചെലവാക്കും എന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. തീരദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുതിയ സോഴ്സുകൾ

കണ്ടെത്തണം. സുനാമി ബാധിത പ്രദേശങ്ങളിലെ അടിസ്ഥാനസൗകര്യ ങ്ങൾ മെച്ചപ്പെടുത്തണം. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിന്റെ കാര്യത്തിൽ പുതിയ കാഴ്ചപ്പാട് ഉണ്ടാക്കണം. ഫിഷറീസ് ഡിപ്പാർട്ടുമെന്റി ന്റെ കീഴിലുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനം പുനഃക്രമീകരിക്കുന്ന തിനെ സംബന്ധിച്ച് ആലോചിക്കണം. മത്സ്യത്തൊഴിലാളികളുടെ പരമ്പരാ ഗത യാനങ്ങൾക്കുവേണ്ടി മണ്ണെണ്ണ സബ്സിഡൈസ് ചെയ്തുനൽകുകയും തീരദേശവാസികൾക്കുവേണ്ടി പ്രത്യേകമായി മണ്ണെണ്ണ നൽകാനുള്ള സംവിധാനമുണ്ടാക്കുകയും വേണം. ഹാർബറുകളുടെ നിർമ്മാണം പൂർത്തീ കരിക്കാനും പുതിയ പദ്ധതികൾ ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം. ചെല്ലാനം ഫിഷിംഗ് ഹാർബറിനുവേണ്ടി പണം മാറ്റി വയ്ക്കണം. യന്ത്ര വൽക്കൃത യാനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താനും എഞ്ചിന്റെ കാലാ വധി ചുരുക്കാനും നടപടി സ്വീകരിക്കണം. യന്ത്രവൽക്കൃത വള്ളങ്ങൾക്ക് സ്വയം രക്ഷാമാർഗ്ഗത്തിനായി ആധുനിക ഉപകരണങ്ങൾ നൽകണം. മദ്യ ത്തിന് ഒറ്റയടിക്ക് വില വർദ്ധിപ്പിച്ച നടപടി ശരിയല്ല. കൊച്ചിൻ മെട്രോ പദ്ധതി നെടുമ്പാശ്ശേരിയിലേയ്ക്കും ആലുവയിലേയ്ക്കും നീട്ടാൻ നടപടി സ്വീകരിക്കണം. പശ്ചിമ കൊച്ചിയിലെ യാത്രാക്ലേശത്തിന് ശാശ്വത പരിഹാരമായി ബോട്ട് സർവ്വീസ് നടത്തണം. വൈദ്യുതിയുടെ കാര്യത്തിൽ കേന്ദ്ര വിഹിതം കൂട്ടാൻ വകുപ്പുമന്ത്രി നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാ ണ്.

<u>ശ്രീ. ജി.എസ്. ജയലാൽ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇച്ഛാശക്തിയില്ലാതെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. പുതുതായി 100 ബാറുകൾകൂടി അനുവദിക്കാൻ പോകുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും മറുപടി പറയണം. എക്സൈസ് വകുപ്പിലെ ഉന്നതരും

ബാർ ഉടമകളും ചേർന്ന് നടത്തുന്ന കച്ചവടത്തിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ അഴിമതിയുണ്ടെന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി പ്രഖ്യാപിച്ച 20 മത്സ്യഗ്രാമ പദ്ധതികളിൽ കൊല്ലം ജില്ലയിലെ പരവൂരിനേയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി തുടങ്ങിയ സേനാവിഭാഗങ്ങൾക്ക് അത്യാധുനിക സംവിധാനങ്ങൾ നൽകിക്കൊണ്ട് തീരദേശ മത്സ്യത്തൊഴിലാളികളുടെ ജീവനും തൊഴിലിനും സുരക്ഷ ഉറപ്പാക്കണം. കഴിഞ്ഞ സർക്കാർ വാങ്ങിയ അത്യാധുനിക ബോട്ടുകൾ ഉപയോഗിക്കാത്തതും കോസ്റ്റ് ഗാർഡ് സംവിധാനം ഫലപ്രദമായി ഉപയോഗിക്കാത്തതും ശരിയായ നടപടിയല്ല. സീ-മാപ്പിംഗ്, സാറ്റലൈറ്റ് കടൽ സുരക്ഷാ സ്ക്വാഡുകൾ എന്നിവ ശക്തിപ്പെടുത്തണം. ഇൻഡ്യൻ തീരത്ത് എത്തുന്ന വിദേശകപ്പലുകൾ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ നിശ്ചലാവസ്ഥയും ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യവും അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട അഴിമതിയും പരിശോധനാവിധേയമാക്കണം. ആസൂത്രണത്തിലെ പാളിച്ചകൾമൂലം ഇലക്ട്രിസിറ്റി ബോർഡ് സാമ്പത്തികമായി പരാജയപ്പെടുന്നതിനാൽ യഥാസമയം വികസന പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നടത്താത്തതിനെക്കുറിച്ച് പരിശോധിക്കണം. അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് പണം നൽകാനും കേടുപറ്റിയ മീറ്ററുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കാനും നടപ

ടിയുണ്ടാകണം. പാവപ്പെട്ടവർക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം. വൈദ്യുതി ദുർവിനിയോഗം തടയുന്നതിന് സന്നദ്ധസംഘടനകൾ, സർക്കാർ ഏജൻസി കൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജന പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടി നടത്താനും ഊർജ്ജ മാനേജ്മെന്റ് കാര്യക്ഷമ മാക്കാനും നടപടിയുണ്ടാകണം.

ശ്രീ. എം.എ. വാഹീദ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ കാലഘട്ടം കേരള ചരിത്രത്തിലെ സുവർണ്ണകാലഘട്ടമാണ്. തിരുവനന്തപുരം നഗരത്തിലെ യാത്രാസൗകര്യം മെച്ചപ്പെടുത്താനുള്ള മോണോറെയിൽ പദ്ധതി തകിടം മറിക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥ തൽപര കക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണം. മോണോ റെയിൽ പദ്ധതി ക്കായി കേശവദാസപുരം മുതൽ കഴക്കൂട്ടം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ദ്രുതഗതിയിൽ ആരംഭിക്കണം. ഈ പദ്ധതി JICA-യെ ഏൽപ്പിക്കു ന്നതിനുപകരം ബി.ഒ.ടി. വ്യവസ്ഥയിൽ ഏറ്റെടുക്കാൻ തയ്യാറായി വരുന്ന ഏജൻസികൾക്ക് നൽകി പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്ക ണം. സംസ്ഥാനത്ത് ജല വൈദ്യുത പദ്ധതികൾക്കെതിരെ നടക്കുന്ന നീക്ക ങ്ങളെ ചെറുക്കണം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി.കെ. നാണു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് ബസ്ബോഡി നിർമ്മാണം പൂർത്തിയാക്കാതെ ചേസിസ്സുകൾ പാഴാകുന്ന അവസ്ഥയ്ക്ക്

പരിഹാരമുണ്ടാക്കാനും കഴിഞ്ഞ കാലങ്ങളിൽ പ്രതിവർഷം 1000 ബസ്സുകൾ പുറത്തിറക്കിയ നടപടി തുടരാനും കഴിയണം. മോട്ടോർ വാഹന വകുപ്പിൽ ആവശ്യാനുസരണം സ്റ്റാഫിനെ നിയമിക്കാനും അതുവഴി ഗവൺമെന്റിന് വരുമാനമുണ്ടാക്കാനും ഉയർന്ന ഉദ്യോഗസ്ഥരെ അടിക്കടി സ്ഥലമാറ്റുന്ന നടപടി പുന:പരിശോധിക്കാനും വാഹനാപകടങ്ങൾ നിയന്ത്രിക്കാനും നടപടിയുണ്ടാകണം. വിദേശ കപ്പലുകൾക്ക് കേരള തീരത്ത് മത്സ്യബന്ധനം നടത്താൻ അനുവാദം കൊടുത്ത കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്തിന് ഗുണകരമാണോയെന്ന് പരിശോധിക്കണം. മൽസ്യത്തൊഴിലാളി മേഖലയിലേയ്ക്കുള്ള തീരദേശ റോഡുനിർമ്മാണം ഫിഷറീസ് വകുപ്പും തുറമുഖ വകുപ്പും സംയുക്തമായി നടപ്പാക്കണം. കൂടുതൽ മൽസ്യ സമ്പത്ത് നേടിയെടുക്കാനും മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. മൽസ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും കുറഞ്ഞവിലയ്ക്ക് വൈദ്യുതി ലഭ്യമാകത്തക്ക വിധത്തിൽ വൈദ്യുതി വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്യണം.

ശ്രീ. പി.സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രസരണ രംഗത്തും ഉൽപ്പാദനരംഗത്തും ശക്തമായ നപടികളുമായി ഊർജ്ജ വകുപ്പ് മുന്നോട്ടുപോകുകയാണ്. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് ജലവൈദ്യുത പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിയുടെ അളവ് അനുസരിച്ച് നിശ്ചയിക്കപ്പെടണം. സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജമേഖലകൾ നവീകരിക്കാനും പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാത്ത ചെറുകിട വൈദ്യുത പദ്ധതികൾ അടിയന്തരമായി ആരംഭിക്കാനും കഴിയണം. അനെർട്ടിനെ കാര്യക്ഷമമാക്കി പദ്ധതികൾ ഏറ്റെടുത്ത്

നടപ്പാക്കാൻ പര്യാപ്തമാക്കണം. മാനദണ്ഡമനുസരിച്ച് സെക്ഷൻ ഓഫീസുകൾ പുന:സംഘടിപ്പിക്കാൻ കെ.എസ്.ഇ.ബി.-യ്ക്ക് നിർദ്ദേശം നൽകണം. ശബരിമലയുടെ ബേസ് ക്യാമ്പായ എരുമേലിയിലെ കെ.എസ്.ഇ.ബി. ഓഫീസ് മാതൃകാ ഓഫീസാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോകളുടെ കൈവശമുള്ള ഭൂമിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി. ബസുകളിലും പ്രൈവറ്റ് ബസുകളിലും ഒരുപോലെ യാത്ര ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കണം. മദ്യവിൽപ്പനയുടെ സമയത്തിൽ ഘട്ടംഘട്ടമായി കുറവുവരുത്തിക്കൊണ്ട് കേരളത്തെ മദ്യവിമുക്ത സംസ്ഥാനമാക്കി മാറ്റാനുള്ള എക്സൈസ് വകുപ്പിന്റെ തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മെട്രോ റെയിൽ, മോണോറെയിൽ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കണം. തീരദേശ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഒരു വർഷം മുമ്പ് തറക്കല്ലിട്ട വിഴിഞ്ഞം തീരദേശ റോഡിന്റെ പണി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. എൽ.ഡി.എഫ് സർക്കാരിന്റെ ഭരണകാലത്ത് കേന്ദ്രാനുമതി ലഭിച്ച എട്ട് മത്സ്യബന്ധന തുറമുഖങ്ങൾക്ക് സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം തുറന്നുപ്രവർത്തിപ്പിക്കാനും കൂടുതൽ റവന്യൂ വരുമാനം ഉണ്ടാക്കിത്തരുന്ന പുതിയാപ്പ ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ച ക്ലാരിഫിക്കേഷൻ നൽകാനും കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളെ അന്തർദേശിയ നിലവാരമുള്ള തുറമുഖ

ങ്ങളാക്കി ഉയർത്താനും തയ്യാറാകണം. കോസ്റ്റൽ ഷിപ്പിംഗ് പ്രോഗ്രാം പ്രാവർത്തികമാക്കണം.

ശ്രീ. കെ. ദാസൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര പൊതു ബഡ്ജറ്റ്, റെയിൽവേ ബഡ്ജറ്റ് എന്നിവയിൽ കേരളീയരുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാതാവായ റെയിൽവേ ഇന്ന് സ്വകാര്യവൽക്കരണത്തിന്റെ പാതയിലാണ്. പൊതുമേഖലാ സംരംഭങ്ങളെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കുന്ന സമീപനം ശരിയല്ല. മണ്ണെണ്ണയ്ക്കും വളത്തിനും സബ്സിഡി അനുവദിക്കാതെ ജനജീവിതം ദു:സഹമാക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് കർഷക ആത്മഹത്യ വർദ്ധിക്കുകയാണ്. ദീർഘവീക്ഷണ മില്ലായ്മമൂലം വൈദ്യുതി മേഖല പ്രതിസന്ധി നേരിടുകയാണ്. കൊയിലാണ്ടി ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപ അനുവദിക്കണം. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളിക ളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തണം. തീരദേശമേഖലയിൽ പടർന്നു പിടിച്ചിട്ടുള്ള പനിയും പകർച്ചവ്യാധിയും നിയന്ത്രിക്കുകയും സൗജന്യ റേഷൻ വിതരണം ചെയ്യുകയും വേണം. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒഴിയാൻ ശ്രമിക്കുന്നത് അംഗീകരിക്കാനാവില്ല. സംസ്ഥാനത്തെ തീരദേശ ജില്ലക ളിലെ ഭവനരഹിതർക്കുവേണ്ടി ഒരു സമഗ്ര ഭവന നിർമ്മാണ പദ്ധതി നടപ്പി ലാക്കണം. മദ്യ നിരോധനം സംസ്ഥാന സാഹചര്യങ്ങൾക്ക് അനുയോജ്യ മല്ലാത്തതിനാൽ വീര്യം കുറഞ്ഞ മദ്യം പ്രോത്സാഹിപ്പിക്കണം. രാത്രി 12

മണി വരെ പ്രവർത്തിക്കുന്നതിന് ബാറുകൾക്ക് അനുവാദം നൽകിയത് പിൻവലിക്കണം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന വ്യാജ കള്ളുഷാപ്പുകൾ നിർത്തലാക്കുകയും കള്ളുചെത്ത് തൊഴിലാളി കളെ സംരക്ഷിക്കുകയും

ചെയ്യണം. സഹകരണ സംഘങ്ങൾവഴി ശുദ്ധമായ കള്ള് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കള്ള് ഷാപ്പുകളുടെ ലൈസൻസ് പുതുക്കാനുള്ള അധികാരം പഞ്ചായത്തുകളെ ഏൽപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

ശ്രീ. കെ.എം. ഷാജി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യബന്ധന മേഖലയിൽ സമഗ്ര തീരദേശ വികസന പദ്ധതി നടപ്പിലാക്കി യതും മത്സ്യത്തൊഴിലാളി പെൻഷൻ നൽകിയതും ശ്ലാഘനീയമാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടു പോകുകയാണ്. ഗ്രീൻ ഫീൽഡ് റോഡിന്റെ പണി ത്വരിതഗതിയി ലാക്കാൻ നടപടി സ്വീകരിക്കണം. അഴീക്കൽ പോർട്ട് വികസിപ്പിച്ച് മേജർ പോർട്ടാക്കാനുള്ള നടപടി സ്വീകരിക്കണം. വൈദ്യുതി കൂടുതൽ ഉല്പാദിപ്പി ക്കുന്നതോടൊപ്പം ഉപഭോഗം നിയന്ത്രിക്കുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണം. കേരളത്തെ ധ്രുവീകരിക്കാൻ ശ്രമിക്കുന്ന വർഗ്ഗീയതയുടെ ഗുണഭോക്താക്കളായി മാറിയ സി.പി.എം. നയം ജനാധിപ ത്യത്തിന് യോജിച്ചതല്ല.

ശ്രീ. എം. ഹംസ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ തവണ ഇലക്ട്രിസിറ്റി വകുപ്പിന് പ്ലാൻ ഇനത്തിൽ അനുവദിച്ച തുകയിൽ ഒരു രൂപ പോലും ചെലവാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേന്ദ്ര വൈദ്യുതി വിഹിതം കിട്ടിയിട്ടും വൈദ്യുതി കട്ട് ഏർപ്പെടുത്തേണ്ടിവന്നത്

ഗവൺമെന്റിന്റെ അശാസ്ത്രീയമായ പ്ലാനിംഗ് കൊണ്ടാണ്. വൈദ്യുതി കണക്ഷന്റെ കാര്യത്തിൽ വികലാംഗർക്കും ക്യാൻസർ രോഗികൾക്കും ഉണ്ടായിരുന്ന മുൻഗണന പുന:സ്ഥാപിക്കണം. ഇലക്ട്രിസിറ്റി ബോർഡിന് സ്വകാര്യ സംരംഭകരിൽ നിന്നും പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക ഈടാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കണം. ബോർഡിന്റെ ഉല്പാദന-പ്രസരണ-വിതരണ മേഖലകളിൽ ആധുനികവൽക്കരണം ഏർപ്പെടുത്താനാവശ്യമായ സംവിധാനം ഉണ്ടാക്കണം. പ്രീപെയ്ഡ് മീറ്ററുകൾ വ്യാപകമാക്കുകയും അണ്ടർഗ്രൗണ്ട് കേബിളുകൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും വീടുകളിൽ ബില്ലുകൊടുക്കാൻ പോകുമ്പോൾ തന്നെ പണം വാങ്ങി കമ്പ്യൂട്ടറിൽ എൻട്രി ചെയ്യാനുള്ള സംവിധാനം കൊണ്ടുവരികയും വേണം. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ മരണത്തിനുത്തരവാദികളായവരെ അറസ്റ്റ് ചെയ്യുന്നതിനുണ്ടായ കാലതാമസത്തിന്റേയും ഇറ്റാലിയൻ കപ്പൽ വിട്ടുകൊടുക്കാൻ ഹൈക്കോടതി തീരുമാനിച്ചപ്പോൾ അപ്പീൽ പോകാത്തതിന്റേയും കാരണം വ്യക്തമാക്കണം. ഗതാഗത വകുപ്പിൽ ജീവനക്കാരുടെ കുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എ.ടി. ജോർജ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.യിൽ പത്ത് വർഷക്കാലം സേവനം പൂർത്തിയാക്കിയ എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതും അവരുടെ വേതനം വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. ബസ്സുകളുടെ സമയക്രമം പരിശോധിക്കുന്നതിനുള്ള 'എം-ഗവേണൻസ്' പദ്ധതി നടപ്പിലാക്കിയതും കാട്ടാക്കടയിൽ ബസ്സ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ചതും രാജധാനി റിംഗ്

റോഡ് സർവ്വീസ് ആരംഭിച്ചതും ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ഡി.എ. കുടിശ്ശിക കൊടുക്കാനും ശമ്പള പരിഷ്കരണം നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിച്ചതും ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാനുള്ള 'സേഫ് വുമൺ സേഫ് ട്രാവൽ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈഞ്ചക്കലും കൂത്താട്ടുകുളത്തും കെ.എസ്.ആർ.ടി.സി. യുടെ ഓപ്പറേറ്റിംഗ് സെന്ററുകളാരംഭിച്ചതും ദീർഘദൂര എക്സ്പ്രസ് സർവ്വീസുകൾ ആരംഭിച്ചതും നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതും പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചതും സ്വാഗതാർഹമാണ്. ജലഗതാഗതവകുപ്പിൽ ബോട്ട് യാത്രക്കാരുടെയും ജീവനക്കാരുടേയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് ലൈഫ് ജാക്കറ്റുകളും ജീവൻ രക്ഷാ ഉപകരണങ്ങളും ലഭ്യമാക്കിയതും സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതും കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സുരക്ഷാ കിറ്റുകൾ, മൊബൈലിന്റെ റേഞ്ച് വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ, ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ ആരംഭിച്ചതും കുട്ടനാട് ജലമേഖലയിൽ സർക്കുലർ ബോട്ട്സർവ്വീസ് ആരംഭിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. മോട്ടോർവാഹന വകുപ്പിൽ റോഡ് സുരക്ഷയുടെ ഭാഗമായി 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചു. മോട്ടോർ വാഹനവകുപ്പിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കണം. ഫിഷറീസ് സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചതും മാതൃകാ മത്സ്യഗ്രാമം പദ്ധതിക്ക് രൂപംകൊടുത്തതും ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി ഏർപ്പെടുത്തുകയും കൂടു

തൽ മത്സ്യം ലഭിക്കുന്നതിനായി കൃത്രിമ കടൽപ്പുറ്റ് നിർമ്മിച്ച് സ്ഥാപിക്കുന്ന തിനുള്ള പദ്ധതി നടപ്പിലാക്കുകയും ചെയ്തു. അലങ്കാര മത്സ്യകൃഷി വികസ നത്തിന് പ്രോത്സാഹനം നൽകുകയും മത്സ്യകൃഷിയുടെ സമഗ്ര വികസന ത്തിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുക യുമാണ്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി തുറമുഖങ്ങളിൽ ഫ്രീസർ സൗകര്യം ഏർപ്പെടുത്തണം. എക്സൈസ് വകുപ്പിൽ ഹെൽപ്പ്ലൈൻ സൗകര്യം ഏർപ്പെടുത്തിയതും സ്പിരിറ്റ് കടത്ത് തടയുന്നതി നുവേണ്ടി അമരവിളയിൽ സംയുക്ത ചെക്പോസ്റ്റ് നടപ്പിലാക്കിയതും അഭിന ന്ദനാർഹമാണ്. കള്ള് ചെത്ത് വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനുള്ള നട പടി സ്വാഗതാർഹമാണ്. ധാരാളം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാൻ കഴിഞ്ഞതും ഈ

മേഖലയിലെ നേട്ടമാണ്. 1792.99 കിലോമീറ്റർ 11 കെ.വി. ലൈൻ പുതു തായി നിർമ്മിച്ചതും 3278.83 കിലോ മീറ്റർ സിംഗിൾ ഫെയ്സ് ലൈൻ 3 ഫെയ്സ് ലൈനാക്കി മാറ്റിയതും നാല് മെഗാവാട്ട് സ്ഥാപിതശേഷിയുള്ള റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തതും പുതുതായി ധാരാളം വൈദ്യുതി കണക്ഷനുകൾ നൽകാൻ കഴിഞ്ഞതും 'നാളേയ്ക്ക് ഇത്തിരി ഊർജ്ജം' എന്ന പദ്ധതി ആരംഭിച്ചതും സ്വാഗതാർഹ മാണ്. ആർ.ജി.ജി.വൈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ കൊടുക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനാവശ്യമായ നടപടി

സ്വീകരിക്കണം. വീട്ടുനമ്പരില്ലാത്തതിനാൽ വൈദ്യുതി ലഭിക്കാതിരുന്ന കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ തീരുമാനിച്ചതും കെ.എസ്.ഇ.ബി.യുടെ ഡിവിഷനുകളും സെക്ഷനുകളും വിഭജിക്കാൻ തീരുമാനിച്ചതും ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച തീരുമാനവും സ്വാഗതാർഹമാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി നൽകാൻ സർക്കാർ തയ്യാറാകണം. മലപ്പുറം ജില്ലയിലെ പൂക്കുളത്തൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കണം. ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും തലസ്ഥാനത്തേയ്ക്ക് കെ.എസ്.ആർ.ടി.സി-യുടെ എ.സി. ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതോടൊപ്പം ഡിപ്പോകൾ നവീകരിക്കുകയും ചെയ്യണം. പത്ത് വർഷമായി ജോലി ചെയ്യുന്ന എം പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. മലപ്പുറം ജില്ലാ ആസ്ഥാനത്ത് നിർദ്ദിഷ്ട ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ആർ.ടി. ഓഫീസുകൾ ആധുനികവത്ക്കരിക്കാനും പാലക്കാട് കോച്ച് നിർമ്മാണ ഫാക്ടറിക്ക് തുടക്കം കുറിക്കാനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. മംഗലാപുരം-തിരുവനന്തപുരം റൂട്ടിൽ പുതിയ ട്രെയിനുകൾ ആരംഭിക്കാനും നിലവിലുള്ള ട്രെയിനുകളിൽ പുതിയ കോച്ചുകൾ അനുവദിക്കാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. മദ്യനിരോധനാധികാരം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും തിരികെ നൽകാൻ തീരുമാനിച്ചതും പാൻമസാല നിരോധിച്ചതും സ്വാഗതം ചെയ്യുന്നു. ബാറുകളുടെ പ്രവർത്തനം രാവിലെ ഒമ്പത് മണി മുതൽ വൈകുന്നേരം ആറുമണി വരെയായി നിജപ്പെടുത്തുന്നതിനും ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യ

ത്തിന്റെ തോത് ഒരു ലിറ്ററായി ചുരുക്കുന്നതിനും പൊതുഅവധികൾ ബാറുകൾക്കുകൂടി ബാധകമാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മോണോ, മെട്രോ റെയിൽ പദ്ധതികൾ വെറും സ്വപ്നപദ്ധതികളായി മാറാൻ പോകുകയാണ്. മോട്ടോർ വെഹിക്കിൾ ആക്ട് കേരളത്തിന് അനുയോജ്യമായ വിധത്തിൽ മാറ്റം വരുത്തി ഇന്ന് നാം അഭിമുഖീകരിക്കുന്ന ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കെ.എസ്.ആർ.ടി.സി.യെ പബ്ലിക് യൂട്ടിലിറ്റി സർവ്വീസായി നിലനിർത്തുകയും ഇവിടെനിന്നും പിരിയുന്ന ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയും വേണം. മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 37 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കുകയുണ്ടായി. കള്ളിന്റെ ഉൽപ്പാദനവും വിതരണവും ഗണ്യമായി കുറഞ്ഞതിലൂടെ ഈ മേഖല തകർച്ചയിലേയ്ക്ക് പോകുകയാണ്. വ്യാജകള്ളിന്റെ കടന്നുകയറ്റം സർക്കാർ ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കുകയാണ്. യഥാർത്ഥ കള്ള് ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനും പുതിയ നയം ഉണ്ടാക്കണം. കള്ളുഷാപ്പുകൾ പരിഷ്ക്കരിക്കാനും നാളികേര കൃഷി പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കണം. സുനാമിഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഇന്റർസെപ്റ്റർ ബോട്ടുകൾ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികളെ ചുമതലക്കാരായി വച്ച് പ്രവർത്തിപ്പിക്കണം. കടൽസുരക്ഷാസംവിധാനത്തിൽ മത്സ്യത്തൊഴിലാളികളെ പങ്കാളികളാക്കണം. മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ മണ്ണെണ്ണ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങി സബ്സിഡി റേറ്റിൽ വിതരണം ചെയ്യുന്ന രീതി ഈ സർക്കാരും പിന്തുടരണം. മത്സ്യ

ത്തൊഴിലാളികൾക്കായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ കടാശ്വാസ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം.

ശ്രീ. ടി.എൻ. പ്രതാപൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം മത്സ്യമേഖലയ്ക്കായി നീക്കിവച്ച ബഡ്ജറ്റ് വിഹിതം 95 ശതമാനവും വിനിയോഗിക്കാൻ കഴിഞ്ഞു. മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് നൽകുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം. മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ മണ്ണെണ്ണ അനുവദിച്ചു കിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയോ ഗവൺമെന്റ് തന്നെ മണ്ണെണ്ണ വാങ്ങി സബ്സിഡി റേറ്റിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനോ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്കുള്ള വീട്, കുടിവെള്ള വിതരണം, സാനിറ്റേഷൻ, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. CRZ നിയമം ബാധകമായിട്ടുള്ളിടത്ത് വീട് പണിയാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുത്ത് വീട് വച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മത്സ്യമേഖലയിലെ റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ ശക്തിപ്പെടുത്തുകയും എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാക്കുകയും ചെയ്യണം. കാലാകാലങ്ങളിൽ ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവും മാറ്റങ്ങളും മത്സ്യത്തൊഴിലാളികളെ അറിയിക്കാനുള്ള നടപടി സ്വീകരിക്കണം. തീരദേശ ജില്ലകളിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കണം. നിർമ്മാണത്തിലിരിക്കുന്ന

പോർട്ടുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കണം. നിലവിലുള്ള തുറമുഖങ്ങൾ നവീകരിക്കാനും ഡ്രെഡ്ജിംഗ് നടത്താനും നടപടി സ്വീകരിക്കണം. തീരദേശ എം.എൽ.എ.-മാർ, വിവിധ രാഷ്ട്രീയ പാർട്ടികൾ, മത്സ്യത്തൊഴിലാളി സംഘടനകൾ, കയറ്റുമതിക്കാർ എന്നിവരുമായി ചർച്ച നടത്തി സെസ് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം. ഫിഷറീസ് സർവ്വകലാശാലയുടെ ഭൂമി എൽ.എൻ.ജി.-ക്ക് കൈമാറുന്നതിനുമുമ്പ് മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഗവേഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കുതകുന്ന അതേ പ്രാധാന്യമുള്ള സ്ഥലം പകരം ലഭിക്കുമെന്ന് ഉറപ്പുവരുത്തണം. നിബന്ധനകൾ ലംഘിച്ച് പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കണം. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് സഹായകമായ വിധത്തിൽ രൂപീകരിച്ച മദ്യനയം സ്വാഗതാർഹമാണ്. ബിവറേജസ് കോർപ്പറേഷന്റെ മദ്യ ഔട്ട്ലെറ്റുകളുടെ പ്രവർത്തന സമയം കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും പുന:ക്രമീകരിക്കണം. പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 447 വകുപ്പുകൾ പുന:സ്ഥാപിക്കാനെടുത്ത തീരുമാനം അഭിനന്ദനാർഹമാണ്. സ്ട്രീറ്റ്ലൈറ്റുകൾ മാറ്റാൻ പഞ്ചായത്തുകൾക്ക് നൽകിയിരുന്ന അധികാരം കെ.എസ്.ഇ.ബി. തിരിച്ചെടുക്കണം. അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുമുമ്പ് പരിസ്ഥിതി പ്രവർത്തകരുടെ അഭിപ്രായം ആരായണം.

<u>ശ്രീ. എ.കെ. ബാലൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 12-ാം പഞ്ചവൽസര പദ്ധതിയുടെ സമീപന രേഖയിൽ ഒരുലക്ഷം മെഗാവാട്ട് വൈദ്യുതി ടാർജറ്റ് ചെയ്തിരുന്നത് 72,000 മെഗാവാട്ടായി കുറച്ചതിനാൽ

കേരളത്തിൽ ഊർജ്ജ പ്രതിസന്ധിയുണ്ടാകാൻ സാധ്യതയുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഉദാവൽക്കരണത്തിന്റെ ഭാഗമായി അഖിലേന്ത്യാതലത്തിൽ വൈദ്യൂതി മേഖല നേരിടുന്ന പ്രതിസന്ധിയുടെ മറ്റൊരു കാരണം 2003-ലെ ഇലക്ട്രിസിറ്റി ആക്ടാണ്. കേന്ദ്ര സർക്കാരിന്റെ താക്കീത് കണക്കിലെടുത്ത് ഇലക്ട്രിസിറ്റി ബോർഡിനെ കമ്പനിയാക്കാൻ കഴിഞ്ഞ സർക്കാർ നടപടികൾ സ്വീകരിച്ചപ്പോൾ അതിനെ എതിർത്തവർ ഇപ്പോൾ അതേ നയം തന്നെ നടപ്പിലാക്കാൻ ശ്രമിക്കുന്നത് വിരോധാഭാസ മാണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിനെ കമ്പനിയാക്കുമ്പോൾ ജീവനക്കാരുടേയും പെൻഷൻകാരുടേയും സേവന-വേതന വ്യവസ്ഥകളും അവകാശങ്ങളും സംരക്ഷിക്കാൻ നടപടി സ്വീകരി ക്കണം. പെൻഷൻ ഫണ്ടിന് സർക്കാർ ഗ്യാരന്റി നിൽക്കേണ്ടതാണ്. 4000 മെഗാവാട്ടിന്റെ പദ്ധതികൾക്ക് രൂപം നൽകാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിനു സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് 2008-ൽ പ്രസരണ-വിതരണ രംഗങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി 97 സബ് സ്റ്റേഷനുകളും 21000 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുകയും അപേക്ഷിച്ച വർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു. ഊർജ്ജ മേഖ ലയിൽ നടത്തിയ പ്രവർത്തന ഫലമായി കേന്ദ്ര ഗവൺമെന്റ്, പവർ ഫിനാൻസ് കോർപ്പറേഷൻ, ഇൻഡ്യൻ ചേമ്പർ ഓഫ് കോമേഴ്സ് എന്നിവിട ങ്ങളിൽ നിന്നും മൂന്ന് അവാർഡുകൾ കഴിഞ്ഞ ഗവൺമെന്റിന് ലഭിച്ചിരുന്നു. ഈ മേഖലയെ മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളെ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി അതിജീവിക്കാൻ ഈ

ഗവൺമെന്റിന് കഴിയണം. കഴിഞ്ഞ ഒരു വർഷക്കാലം ഊർജ്ജ ആസൂത്രണത്തിൽ പിഴവ് വന്നിട്ടുണ്ടെന്ന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അഭിപ്രായം ഗൗരവമായി പരിശോധിക്കണം. കൂടംകുളം പദ്ധതിയിൽ നിന്നും കൊച്ചിയിലേയ്ക്കുള്ള വൈദ്യുതി ലൈനിലെ തടസ്സം നീക്കുകയോ ആൾട്ടർനേറ്റീവ് ലൈനുപയോഗിക്കുകയോ ചെയ്യണം. കോഴിക്കോട് ജില്ലയിൽ അടച്ചുപൂട്ടിയ ഡിസ്റ്റിലറിക്ക് നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ അംഗീകാരം കൊടുത്തതിനെക്കുറിച്ച് വ്യക്തമാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : ചർച്ചയിൽ പങ്കെടുത്ത് ഇരുപക്ഷത്തുനിന്നുള്ളവർ നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ഈ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. കഴിഞ്ഞവർഷം ഫിഷറീസ് വകുപ്പ് പദ്ധതിവിഹിതത്തിൽ 95 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം 635.83 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. മൽസ്യത്തൊഴിലാളികൾക്ക് മൂന്നുവർഷം കൊണ്ട് 8000 വീടുകൾ നിർമ്മിച്ചുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. മൽസ്യസമൃദ്ധി പദ്ധതിയിലൂടെ മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കാനുള്ള സർവ്വേയ്ക്ക് തുടക്കമിട്ടിട്ടുണ്ട്. ഉൾനാടൻ മൽസ്യസമ്പത്ത് പരിപോഷിപ്പിക്കാനും മൽസ്യ വിത്ത് ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനുമായി ഒരു സമഗ്ര വിത്ത് നയം ഈ വർഷം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. മൽസ്യ വിത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ സർക്കാർ ഹാച്ചറികളുടേയും ഫാമുകളുടേയും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാനും പുതിയ ഹാച്ചറികൾ തുടങ്ങാനും നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ സംരംഭകർക്ക് പ്രൊഡക്ഷൻ

ഇൻസെന്റീവ് ഏർപ്പെടുത്തുന്നതിനും മൽസ്യത്തൊഴിലാളികൾക്ക് ജീവൻ സുരക്ഷ പദ്ധതി നടപ്പാക്കാനും ഉദ്ദേശിക്കുന്നു. മൽസ്യത്തൊഴിലാളികൾക്ക് 75% സബ്സിഡി നിരക്കിൽ മൽസ്യബന്ധന ഉപകരണങ്ങൾ നൽകുന്നതാണ്. സീ-പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും കടൽ സുരക്ഷാ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ പുതിയ നാല് ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമായി 11.75 കോടി രൂപ ചെലവഴിക്കുന്നതാണ്. ഈ മേഖലയിൽ കൂടുതൽ തൊഴിൽ-വിപണന സാദ്ധ്യതകൾ തേടുന്നതിന് ഫിഷ് മെയ്ഡ് ബ്രാൻഡിൽ 26 തരം മൽസ്യോൽപ്പന്നങ്ങൾ വിൽക്കാനും അതിനായി ഈ വർഷം 50 കോടി രൂപ ചെലവിൽ സംയോജിത മൽസ്യ ഗ്രാമ വികസന പദ്ധതി നടപ്പാക്കാനും ഉദ്ദേശിക്കുന്നു. പിടിച്ചെടുക്കുന്ന മൽസ്യത്തിന്റെ ഉപയോഗം പരമാവധി ഉറപ്പുവരുത്തുന്നതിന് കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതാണ്. ദേശീയ മൽസ്യ വിപണന-വികസന ബോർഡിന്റെയും ശുചിത്വമിഷന്റെയും സഹകരണത്തോടെ സമ്പൂർണ്ണ ശുചിത്വ തീരം പദ്ധതി നടപ്പാക്കുന്നതാണ്. ഗവൺമെന്റ് സബ്സിഡിയോടെ ഈ മേഖലയിൽ 2000 ടോയ്‌ലറ്റുകൾ പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്നു. റിസർവ്വോയറുകളിലെ മൽസ്യബന്ധന അവകാശം ആ പ്രദേശത്തെ എസ്.സി/എസ്..ടി. മൽസ്യത്തൊഴിലാളി ജനവിഭാഗത്തെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 20 റിസർവ്വോയറു കളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനായി 119 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

അക്വാകൾച്ചർ പോളിസി രൂപീകരിക്കുന്നതിനും പൊക്കാളി കോൾനിലം മേഖലകളിലെ മൽസ്യകൃഷി വിപുലീകരിക്കുന്നതിനും വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചുകഴിഞ്ഞു. സാഫ്-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും 2000 തീരമൈത്രി യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും 120 പുതിയ ലഘു സംരംഭക യൂണിറ്റുകൾ തുടങ്ങുന്നതിനും 20 ഗ്രൂപ്പുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും തീരമൈത്രി ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഫിഷ് ഫാമിനെ ഒരു കരിമീൻ വിത്ത് ഉൽപ്പാദന കേന്ദ്ര മായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുട്ടനാടൻ കായലു കളിൽ 100 കൂൺ കൃഷി യൂണിറ്റുകളും മൂന്ന് സാങ്ചറികളും 300 പെൺ മൽസ്യകൃഷി യൂണിറ്റുകളും അഡാക് മുഖേന ആരംഭിക്കുന്നതാണ്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ 60 ഹെക്ടർ പൊക്കാളി പാടശേഖരങ്ങ ളിൽ സുസ്ഥിര ചെമ്മീൻ കൃഷിയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 90 ഹെക്ടർ കൈപ്പാട് നിലങ്ങളിൽ ഒരു നെല്ലും മീനും പദ്ധതിയും അഡാക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തൃശൂർ, മലപ്പുറം ജില്ലകളിൽ കോൾപ്പാടങ്ങളിൽ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നാല് കോടി രൂപയുടെ പദ്ധതിയും തൃശൂർ ജില്ലയിലെ പൊയ്യയിൽ നെയ്തൽ ഗ്രാമം പദ്ധതിയും നടപ്പിലാക്കുന്നതാണ്. മത്സ്യഫെഡിന്റെ മുഴുവൻ സബ്സിഡി കുടിശ്ശികയും കൊടുത്തുതീർത്തിട്ടുണ്ട്. കടാശ്വാസ കമ്മിഷൻ വഴി നൂറു കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ

ത്തിന്റെ ശേഷിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിന് 31.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ചെത്തി, ചേറ്റുവ, കൊയിലാണ്ടി, തലായി തുടങ്ങിയ മത്സ്യബന്ധന തുറമുഖ പദ്ധതികൾ ഈ സാമ്പത്തികവർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ പദ്ധതി കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതാണ്. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വലിയതുറ, അർത്തുങ്കൽ, താനൂർ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ രൂപരേഖ കേന്ദ്രാനുമതിക്കായി സമർപ്പിക്കുകയും പൂന്തുറ, വർക്കല തുടങ്ങിയവയുടെ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഏഴ് മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് നടത്തുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. കോട്ടയ്ക്കൽ, പെരുമാതുറ, താഴമ്പിള്ളിപ്പാലം, കൈപ്പമംഗലം ഫിഷ്ലാന്റിംഗ് സെന്ററുകളുടേയും തങ്കശ്ശേരി, നീണ്ടകര, പുതിയാപ്പ, കായംകുളം, മുനമ്പം മത്സ്യബന്ധന തുറമുഖങ്ങളുടേയും പ്രവർത്തികൾ ഈ സാമ്പത്തികവർഷം പൂർത്തീകരിക്കുന്നതാണ്. തീരദേശ റോഡുകളുടെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തുറമുഖവകുപ്പിൽ മാരിടൈംബോർഡ് രൂപീകരിക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്. ചരക്കുഗതാഗതം കായൽമാർഗ്ഗമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത നിയമം നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. കയറ്റുമതിക്കാർക്ക് സബ്സിഡി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വലിയതുറയിൽ പോർട്ട് ഡയറക്ടറേറ്റിന്റെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാ

ണ്. വലിയതുറ കടൽപ്പാലം പുന:സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ക്കഴിഞ്ഞു. കൊല്ലം തുറമുഖത്ത് കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിനും നീണ്ട കരയിലും കൊടുങ്ങല്ലൂരിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥാപിക്കാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖത്തിൽ 'മെറീനാ' സ്ഥാപിക്കുന്ന തിനുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചുകഴിഞ്ഞു. മലബാർ തുറ മുഖ വികസനത്തിന് ഭരണാനുമതി നൽകുകയും അഴീക്കൽ തുറമു ഖത്തിന്റെ ഒന്നാംഘട്ടവികസനത്തിന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. കൊച്ചിയിൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലം, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് എട്ട് ജില്ലകളിലും വയർലസ് സംവിധാനം ഈ വർഷം തന്നെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മൊബൈൽ അനലറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എക്സൈസ് അക്കാഡ മിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. എൻഫോഴ്സ്മെന്റ് ഏജൻസികളുടെ പ്രവർത്തന ങ്ങൾക്കായി സിഗ്നൽലൈറ്റ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കുട്ടനാട് റേഞ്ചിൽ സ്റ്റീൽ ബോട്ട് സ്ഥാപിക്കുന്ന നടപടികൾ അവസാന ഘട്ട ത്തിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലഹരിവി രുദ്ധ പ്രവർത്തനത്തിന് ഒരു പ്രത്യേക വിംഗ് ആരംഭിക്കുകയും ക്രൈം റെക്കോർഡ്സ് ബ്യൂറോ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് പ്രിവന്റീവ് ഓഫീസർമാർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകാനും എക്സൈസ് ജീവനക്കാർക്ക് ഓഫ് ഡ്യൂട്ടി അലവൻസായി 500 രൂപ

നൽകാനും ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് മുൻകാലത്തെ അപേക്ഷിച്ച് മദ്യ ഉപഭോഗം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കൾക്ക് ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭ്യമാക്കാൻ കഴിയാത്തതിനാൽ അവർക്കായിപ്രത്യേകംമണ്ണെണ്ണ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യ പ്പെടുന്നതാണ്.വിഴിഞ്ഞം പദ്ധതിക്കായി അനുവദിച്ച പണം ചെലവാക്കിയി ല്ലെന്നത് അടിസ്ഥാനരഹിതമാണ്. ഈ സർക്കാർ വന്നതിനുശേഷം ഈ പദ്ധതിക്കായി 225 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ സർക്കാർ അനുവ ദിച്ച 35 ബാറുകളിൽ 22 എണ്ണവും ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ളതാ ണ്. ബാറുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ വെട്ടിക്കുറയ്ക്കുകയും അവ തമ്മിലുള്ള ദൂരപരിധി നിശ്ചയിക്കുകയും ചെയ്തു. ഈ സർക്കാർ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കേണ്ടെന്ന് തീരുമാനിച്ചിട്ടു ണ്ട്. കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററായി കുറയ്ക്കുകയും 21 വയസ്സുവരെയുള്ളവർ മദ്യം വിൽക്കാൻ പാടില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് നൽകാൻ പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം ആഗസ്റ്റ് 15-ന് മുമ്പ് തിരിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ചർച്ചയിൽ പങ്കെടുത്ത് ഇരുപക്ഷത്തുനിന്നും നൽകിയ നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. സംസ്ഥാനം വൈദ്യുതി പ്രതിസന്ധി നേരിടുകയാണ്. വൈദ്യുതിയുടെ ആവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നില്ല. കേന്ദ്ര

സർക്കാർ 1498 മെഗാവാട്ട് വൈദ്യുതി നൽകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ 8 മുതൽ 10 മണിക്കൂർ വരെ ലോഡ്ഷെഡ്ഡിംഗും പവർക്കട്ടുമുള്ളപ്പോൾ കേരളത്തിൽ ഒന്നര മാസത്തേയ്ക്ക് അര മണിക്കൂർ മാത്രമാണ് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുളളത്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പഠനം അനുസരിച്ച് 2020–2021–ൽ കേരളത്തിന് 6000 മെഗാവാട്ട് വൈദ്യുതി വേണ്ടിവരുമെന്നതിനാൽ കൂടുതൽ പവർ ജനറേറ്റ് ചെയ്തില്ലെങ്കിൽ സംസ്ഥാനം ഇരുട്ടിലാകും. ഓൺ ഗോയിംഗ് പ്രോജക്ടിൽപ്പെട്ട പത്ത് പദ്ധതികളിലൂടെ 141.25 മെഗാവാട്ട് വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത്. അതിൽ നാല് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പരിസ്ഥിതിവാദികൾ തടസ്സം നിൽക്കുന്ന ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്ക് കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദം വാങ്ങുന്നതിന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അയയ്ക്കണം. കെ.എസ്.ഇ.ബി.യെ കമ്പനിവൽക്കരണത്തിൽനിന്നും ഒഴിവാക്കുന്നതിന് സാധിക്കാതെ വന്നപ്പോൾ 2010–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കമ്പനിയായി രജിസ്റ്റർ ചെയ്യുകയും പിന്നീട് അതിനെ സെൻട്രൽ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ചുള്ള സ്ഥാപനമാക്കി മാറ്റിക്കൊണ്ട് ആസ്തി മുഴുവൻ ഗവൺമെന്റിൽ വെസ്റ്റ് ചെയ്യുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്തോളം പ്രൈവറ്റ് ഏജൻസിക്ക് ഇവിടെ നിന്നും യാതൊരു ഷെയറും കൊടുക്കില്ല. ഇന്ന് കെ.എസ്.ഇ.ബി. യാതൊരു സാമ്പത്തികവും ഇല്ലാത്ത സ്ഥാപനമാണ്. കിട്ടിയ പ്ലാൻ ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. മോണോറെയിൽ പദ്ധതി ഗ്ലോബൽ ടെണ്ടർ വിളിക്കാതെ ചെയ്യില്ല. ഈ പദ്ധതി സപ്ലൈ ക്രെഡിറ്റിൽ ചെയ്യുന്ന കാര്യം ആലോചിക്കുന്നുണ്ട്. ആവശ്യമെ

ങ്കിൽ മാഗ്നോ പവ്വർ ഉപയോഗിക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്. സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പൈലറ്റ് പ്രോജക്ട് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്ക് ലക്ഷ്യമിട്ടിട്ടുള്ള പതിനായിരം വീടുകളിൽ ആയിരം വീടുകൾ പാലക്കാട് ജില്ലയിൽ നിന്നാകണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുള്ള ഹൈഡൽ പവർ പ്രോജക്ട് ഫൈനൽ സ്റ്റേജിലാണ്. ഇതിനുപുറമെ നൂറ് മെഗാവാട്ടിന്റെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന വിന്റ്മിൽ ജനറേറ്റ് ചെയ്യാൻ ആലോചിക്കുന്നുണ്ട്. കോളിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി സെൻട്രൽ ഗവൺമെന്റിന്റെ പബ്ലിക്ക് അണ്ടർടേക്കിങ്ങുമായി ആലോചിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചിൻ റിഫൈനറിയുടെ ഒരു ബൈ പ്രോഡക്ട് ഉപയോഗിച്ച് 500 മെഗാവാട്ടിന്റെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമോയെന്ന് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പുതുവൈപ്പിനിൽ കെ.എസ്.ഇ.ബി.യുമായി സഹകരിച്ചുകൊണ്ട് എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ഒരു പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. മോട്ടോർ വാഹനവകുപ്പിൽ 78 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ട്രെയിനിംഗ് നടക്കുകയാണ്. 17 പുതിയ സ്ക്വാഡുകൾ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ട്. ചിറ്റൂർ, മാനന്തവാടി, സുൽത്താൻ ബത്തേരി, ദേവികുളം, കുട്ടനാട്, നിലമ്പൂർ എന്നീ താലൂക്കുകളിൽ പുതിയ ജോയിന്റ് ആർ.ടി. ഓഫീസും ഉഴവൂരിൽ നിർത്തൽ ചെയ്ത ഓഫീസും ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. ബസ്സ് ബോഡി നിർമ്മാണത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 400-ഓളം മെക്കാനിക്കുകളെ നിയമിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കിയ ബസ്സുകൾ നാഷണലൈസ്ഡ് റൂട്ടുകളിൽ ഓടിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. മിനി ബസ് സർവ്വീസുകൾ നഷ്ടത്തിലായതിനാൽ അവ പൂർണ്ണമായും നിർത്തലാക്കിയിരിക്കുകയാണ്. ശാന്തിഗിരിയിൽ ബസ് ഡിപ്പോയും നാഷണലൈസ്ഡ് റൂട്ടുകളിൽ ആവശ്യം കണക്കിലെടുത്ത് കൂടുതൽ ബസ്സുകളും അനുവദിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 58–നെതിരെ 69 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.29–ന് പിരിഞ്ഞു.

*********